## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 943** — **30.10.2019-ൽ മറുപടിയ്ക്ക്.**

# ക്ഷീരമേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഗീതാ ഗോപി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ; | (എ) ക്ഷീരസംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>1. രണ്ട് വാർഡുകളിലെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട കുറഞ്ഞത് 25 ക്ഷീരകർഷകർ ഒപ്പിട്ട അപേക്ഷ ജില്ലയിലെ ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.<br>2. നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തന പരിധിയിൽപ്പെടാത്ത പ്രദേശമായിരിക്കണം.<br>3. ക്ഷീരകർഷകരുടെ അപേക്ഷ ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ട ബ്ലോക്ക്തല ക്ഷീരവികസന ഓഫീസർമാർക്ക് സാധ്യതാ പഠനത്തിനായി അപേക്ഷ അയച്ചുകൊടുക്കുന്നു.<br>4. ക്ഷീരവികസന ഓഫീസർ ക്ഷീരസംഘ രൂപീകരണ സാധ്യതാ പഠനം നടത്തി ശുപാർശ സഹിതം (വില്ലേജ് സർവ്വേ റിപ്പോർട്ട്) അതിവ്യാപനമില്ലാ സാക്ഷ്യപത്രം, പഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട പഞ്ചായത്ത് മാപ്പ് (പുതിയ ക്ഷീരസംഘ പ്രവർത്തന പരിധി അടയാളപ്പെടുത്തണം, മറ്റ് ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതും മാപ്പിൽ അടയാളപ്പെടുത്തണം) മേൽ പറഞ്ഞ അനുബന്ധ രേഖകൾ സഹിതം ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കണം.<br>5.ക്ഷീരവികസന ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരസംഘ രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരമേഖലയിൽ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>2. കാലിത്തീറ്റ സബ്സിഡി<br>3. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം |

a) ക്ഷീരഗ്രാമംപദ്ധതി
b) ഡയറി സോൺ
c) അവശ്യാധിഷ്ഠിത സഹായം
d) യന്ത്രവത്കരണം
e) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
f) ഹീഫർ പാർക്ക്
g) ക്ഷീരകർഷക കടാശ്വാസ പദ്ധതി

4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

സംസ്ഥാനത്ത് ആദ്യമായി ക്ഷീര കർഷകർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ / മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്

**സെക്ഷൻ ഓഫീസർ**